LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ ജില്ലയിൽ റിപ്പോർട്ട് ചെയ്യപ്പെട്ട കുറ്റകൃത്യങ്ങൾ

149 (7712) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിൽ എത്ര കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ കുറ്റകൃത്യത്തിന്റേയും ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിൽ 1,10,599 കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

മാറോളി പ്രേംജിത്തിന്റെ വീട്ടിൽ നിന്നും ചന്ദനത്തടിയും ബോംബുകളും കൊടുവാളും പിടിച്ചെടുത്ത കേസ്

150 (7713) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കതിരൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ വെണ്ടുട്ടായി പുത്തൻകണ്ടത്തിൽ മാറോളി പ്രേംജിത്തിന്റെ വീട്ടിൽ നിന്ന് ചന്ദനത്തടിയും, ബോംബുകളും, കൊടുവാളുകളും 2011 നവംബർ മാസത്തിൽ പിടിച്ചെടുത്തതുമായി ബന്ധപ്പെട്ട് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ പേരിൽ ഇതുവരെ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(സി) പ്രസ്തുത കേസിന്റെ അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് (ക്രൈം നമ്പർ 632/11).

(ബി) 3 പ്രതികളുള്ളതിൽ രണ്ടാം പ്രതി ശ്രീജിത്ത്, മൂന്നാം പ്രതി പ്രണബ് ബാബു എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) അന്വേഷണാവസ്ഥയിലായ ടി കേസിൽ ഒന്നാം പ്രതിയെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടത്തിവരുന്നു.

വ്യാജ ചിട്ടി സ്ഥാപനങ്ങൾ

151 (7714) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാജചിട്ടിസ്ഥാപനങ്ങൾ നടത്തി പൊതുജനങ്ങളുടെ പണം തട്ടിയതിന് എത്ര കേസ്സുകൾ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.